(3) വൈകി കിട്ടിയ ഉത്തരങ്ങൾ

സർക്കാർ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

139 [709] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
„ സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് മുതൽ വില്ലേജ്തലം വരെയുള്ള എല്ലാ സർക്കാർ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ച് നെറ്റ്വർക്ക് സമ്പ്രദായം നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ചെയ്യുന്നതുകാരണം എന്തെല്ലാം പ്രയോജനങ്ങളും സൗകര്യങ്ങളും പൊതുജനങ്ങൾക്കുണ്ടാകുമെന്ന് വിശദമാക്കാമോ;

(സി) ഇതിനായി എന്തു തുക ചെലവഴിക്കേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കാമോ;

(ഡി) ഇത് ഏത് ഏജൻസിയെയാണ് ഏല്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്ന ആദ്യ വകുപ്പ് ഏതാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സംവിധാനം ഏർപ്പെടുത്തുന്നതുകൊണ്ട് താഴെ പറയുന്ന പ്രയോജനങ്ങളാണ് ജനങ്ങൾക്ക് ഉണ്ടാകുന്നത്. പദ്ധതി ആനുകൂല്യങ്ങൾ എത്രയും വേഗത്തിൽ ജനങ്ങളിലേക്ക് എത്തിക്കുവാൻ സാധിക്കുന്നു. ജനങ്ങൾ നൽകുന്ന നികുതികളും അവയെക്കുറിച്ചുള്ള വിവരങ്ങളും എത്രയും വേഗത്തിൽ പദ്ധതി നടത്തിപ്പിനുള്ള സ്ഥലങ്ങളിൽ എത്തിച്ചേരുകയും തദ്വാര സാമ്പത്തിക ചംക്രമണത്തിലൂടെ വീണ്ടും പുതിയ പദ്ധതികാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നു. ജനങ്ങൾ നൽകുന്ന പരാതികളോ, മറ്റ് ആവശ്യങ്ങൾക്ക് നൽകുന്ന വിവരങ്ങളോ എല്ലാ തലത്തിലും പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും കഴിയുമെന്നതിനാൽ അവയിൽ വേഗത്തിൽ തീർപ്പു കല്പിക്കാൻ സാധിക്കുന്നു. സർക്കാരിലേക്ക് ലഭിക്കുവാനുള്ള നികുതികളും ഫീസുകളും വേഗത്തിലും സമയനഷ്ടം കൂടാതെയും ലഭ്യമാക്കുവാൻ സാധിക്കുന്നു. ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ടതും സുതാര്യവുമായിത്തീരുന്നു. ഇവയിൽ സർക്കാർ ഉത്തരവുകൾ, നിശ്ചിത ഉപയോഗത്തിനുള്ള ഫാറങ്ങൾ, സർക്കാരിൽ നൽകിയ നികുതികളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി—ഇ) കെൽട്രോൺ അടക്കമുള്ള ഏജൻസികളുടെ സഹായത്തോടുകൂടി വിവിധ വകുപ്പുകൾ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കി വരികയാണ്. കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്ട് വെയർ ഇവ വാങ്ങുക, കമ്പ്യൂട്ടർ ശൃംഖലകൾ സ്ഥാപിക്കുക, വിവര സാങ്കേതങ്ങൾ ഉണ്ടാക്കുക, അവയ്ക്ക് നഷ്ടം സംഭവിക്കാതെ സൂക്ഷിക്കുക, പരിശീലനം നൽകുക തുടങ്ങിയ വിവിധ പരിപാടികളിലൂടെയും പദ്ധതികളിലൂടെയും ഇത് പുരോഗമിച്ചുവരികയാണ്. ഇതിനായി എന്ത് തുക വേണ്ടിവരുമെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. ഘട്ടം ഘട്ടമായാണ് ഈ പദ്ധതി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാംഘട്ടം ഈ സാമ്പത്തിക വർഷത്തിലും രണ്ടും മൂന്നും ഘട്ടങ്ങൾ വരുന്ന സാമ്പത്തിക വർഷത്തിനുള്ളിലും പൂർത്തിയാക്കുന്നതാണ്. വിവര സാങ്കേതിക വിദ്യാരംഗത്തുണ്ടാകുന്ന നൂതനമായ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിനും വേണ്ടിയാണ് ഘട്ടംഘട്ടമായി പദ്ധതി നടപ്പാക്കുന്നത്. കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ പോലുള്ള പദ്ധതികളും ഇതിൽ ഉൾപ്പെടും.

മനുഷ്യാവകാശ കമ്മീഷൻ നിയമന മാനദണ്ഡങ്ങൾ

140 [711] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനേയും അംഗങ്ങളേയും ആക്ടിംഗ് ചെയർമാനേയും നിയമിക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) കമ്മീഷൻ ചെയർമാനായും ആക്ടിംഗ് ചെയർമാനായും നിയമിക്കപ്പെടാനുള്ള യോഗ്യത നിയമപ്രകാരം എന്തെല്ലാമാണ്; നിയമപ്രകാരമുള്ള യോഗ്യതയില്ലാത്ത ആരെയെങ്കിലും നിയമിക്കാൻ സർക്കാർ ഗവർണ്ണറോട് അഭ്യർത്ഥിച്ചിട്ടുണ്ടോ;

(സി) കമ്മീഷൻ അംഗങ്ങളായി നിയമനം ലഭിക്കുന്നയാൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) നിയമപ്രകാരമുള്ള യോഗ്യതകളില്ലാത്ത ആർക്കെങ്കിലും വേണ്ടി സർക്കാർ നിയമന ശുപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) താൽക്കാലിക ചുമതലയേറ്റിട്ടുള്ള ഏതെങ്കിലും ചീഫ് ജസ്റ്റീസുമാർക്ക് മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായും ആക്ടിംഗ് ചെയർമാനായും നിയമനം നൽകുവാൻ നിയമം അനുശാസിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിലുള്ള നിയമന വ്യവസ്ഥകൾ വ്യാഖ്യാനിച്ചു നടത്തിയ നിയമന ശുപാർശ പുനഃപരിശോധിക്കുന്നതു സംബന്ധിച്ച് പ്രതിപക്ഷ നേതാവ് നൽകിയ പരാതിയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ജി) മനുഷ്യാവകാശ കമ്മീഷൻ മെമ്പറാകുന്നതിനു മുമ്പേ ഒരാളിനെ ആക്ടിംഗ് ചെയർമാനായി നിയമിക്കുന്നതിന് സർക്കാരിന് ശുപാർശ നൽകുവാൻ നിലവിലുള്ള നിയമ വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly